(സി) അഞ്ചാം ക്ലാസിൽ ഒറു ഡിവിഷൻ മാത്രമുള്ള സ്കൂളുകളിൽ ഹിന്ദി അധ്യാപക തസ്തിക അനുവദനീയമല്ല. നാലു മുതൽ 14 വരെ പീരിഡ് ഉണ്ടെങ്കിൽ ഒരു പാർട്ട് ടൈം തസ്തിക അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

ആസ്ബറ്റോസ് ഷീറ്റിട്ട ഹാളിൽ പ്രവർത്തിക്കുന്ന ഹൈസ്കൂൾ കെട്ടിടങ്ങൾ

17 (2019) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആസ്ബറ്റോസ് ഷീറ്റിട്ട ഹാളിൽ പ്രവർത്തിക്കുന്ന ഹൈസ്കൂൾ കെട്ടിടങ്ങൾ ഉണ്ടോ ;

(ബി) എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) ആസ്ബറ്റോസ് ഷീറ്റിട്ട ഹാളിൽ ഇരുന്നു പഠിക്കുന്നത് കുട്ടികളുടെ ആരോഗ്യത്തിന് ഹാനികരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അങ്ങനെയുള്ള ഹാളുകൾ പൊളിച്ചു നീക്കുവാൻ വേണ്ട സത്വര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) സംസ്ഥാനത്തെ സ്കൂളുകളുടെ ആസ്ബറ്റോസ് മേൽക്കൂരകൾ കുട്ടികളുടെ ആരോഗ്യം മുൻനിർത്തി മാറ്റണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്ന സ്കൂളുകൾ

18 (2020) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ കൊല്ലം ജില്ലയിൽ ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്ന സ്കൂളുകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രൊട്ടക്ടഡ് അദ്ധ്യാപകരെ പോസ്റ്റ് ചെയ്തിട്ടുള്ള സ്കൂളുകളിൽ ഡിവിഷൻ ഫാൾ വരുമ്പോൾ പി.എസ്.സി. നിയമനം ലഭിച്ച അദ്ധ്യാപകരെ മാറ്റുന്ന നടപടി പുനഃപരിശോധിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly